**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2932** **25-06-2024 - ൽ മറുപടിയ്ക്ക്**

**ആനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടയാളുടെ ധനസഹായം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ആനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ആറാട്ടുകടവിൽ പത്മനാഭൻ പി. പി. യുടെ ആശ്രിതർക്ക് ധനസഹായം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | നൽകിയിട്ടില്ല. |
| (ബി) | ഇതുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് ഓഫീസിലാണുള്ളതെന്നും ഇക്കാര്യത്തിൽ തീരുമാനമാകാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്നും വിശദമാക്കാമോ? | (ബി) | കണ്ണൂർ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ താമസക്കാരനായിരുന്ന പുതിയവീട്ടിൽ പത്മനാഭൻ എന്നയാൾ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ടത് കർണ്ണാടക സംസ്ഥാനത്ത് വച്ചാകയാൽ ടിയാന്റെ ഭാര്യ ശ്രീമതി ബീന മാമ്പട്ടിൽ നഷ്ടപരിഹാരത്തിനു സമർപ്പിച്ചിട്ടുള്ള അപേക്ഷ നിലവിലെ ചട്ട പ്രകാരം പരിഗണിയ്ക്കുവാൻ സാധിച്ചിട്ടില്ല .<br><br>പ്രസ്തുത വിഷയം ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് ചട്ടത്തിൽ ഇളവ് നൽകി നഷ്ടപരിഹാരം നൽകുന്നതിനായി അപേക്ഷ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ് |

സെക്ഷൻ ഓഫീസർ